പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **6855**

**10.07.2014** ൽ മറുപടിക്ക്

## കൊയിലാണ്ടി മണ്ഡലത്തിലെ കടലാക്രമണ നിരോധന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) | |
| (എ) | ഇത്തവണത്തെ കാലവർഷത്തിൽ ഉണ്ടായ കടലാക്രമണത്തെതുടർന്ന് കൊയിലാണ്ടി മണ്ഡലത്തിൽ എവിടെയെല്ലാമാണ് കടൽഭിത്തി തകരുകയും കടൽ കയറി നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കൊയിലാണ്ടി മണ്ഡലത്തിലെ പയ്യോളി പഞ്ചായത്തിലെ കൊളാവിപ്പാലം കോട്ടക്കടപ്പുറം ഭാഗത്ത് 2 കി.മീ. ദൈർഘ്യമുള്ള തീരപ്രദേശം ഈ വർഷത്തെ രൂക്ഷമായ കടലാക്രമണത്തിന് വിധേയമായിട്ടുണ്ട്. കൂടാതെ കണ്ണൻകടവ്, വലിയകത്ത് പള്ളിഭാഗം, ഇരിങ്ങൽ, അയനിക്കാട് എന്നിവിടങ്ങളിലും രൂക്ഷമായ കടലാക്രമണം ഉണ്ടായിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും തകർന്ന കടൽഭിത്തി പുനരുദ്ധരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | (ബി) & (സി) | സ്ഥലം എം.എൽ.എ യിൽ നിന്നു ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ<br>1. വലിയപള്ളി ഭാഗത്ത് അടിയന്തിര പ്രവൃത്തിയിൽപ്പെടുത്തി ഭാഗികമായ പുനരുദ്ധാരണത്തിനായി 9 ചെറു പ്രവൃത്തികൾക്കായി 27 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>2. ഇരിങ്ങൽ കടപ്പുറത്ത് സി.പി. 2030 നും 2031 നും ഇടയിൽ രണ്ട് ഭാഗികമായ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 3 ലക്ഷം രൂപ വീതം 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ആവശ്യം ഉന്നയിച്ച് സ്ഥലം എം.എൽ.എ യിൽ നിന്ന് ലഭിച്ച നിവേദനത്തിൻ മേൽ എന്തു നടപടി സ്വീകരി ച്ചു എന്ന് വിശദമാക്കുമോ; | | |
| (ഡി) | കടൽക്ഷോഭം കൂടുതൽ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കടൽഭിത്തിയും കടലാക്രമണ നിരോധന പദ്ധതികളും നടപ്പാക്കാനാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ എത്ര തവണ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടായിരുന്നു വെന്നും ബജറ്റ് പ്രൊപ്പോസലിൽ ഇത് ആവശ്യപ്പട്ടിരുന്നുവോ എന്നും വിശദമാക്കുമോ; | (ഡി) | മൂന്ന് തവണ നിവേദനം ലഭിച്ചിട്ടുണ്ട്. 2014-15 വർഷത്തെ ബജറ്റിൽ വോള്യം 2 ൽ 100 രൂപ ടോക്കൺ പ്രൊവിഷനോടുകൂടി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും തകർന്ന കടൽഭിത്തി പുനരുദ്ധാരണത്തിനും ഉള്ള പ്രവൃത്തികളുടെ പട്ടിക അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | എം.എൽ.എ. യുടെ നിവേദനങ്ങൾക്ക് എന്തു പരിഗണന നൽകി എന്നും എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകി എന്നും എന്തു തുക അനുവദിച്ചു എന്നും വിശദമാക്കുമോ; | (ഇ) | നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 6 പ്രവൃത്തികൾക്കായി 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പട്ടിക അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | കാബിനറ്റ് തീരുമാനത്തെത്തുടർന്ന് ചീഫ് സെക്രട്ടറി ആവശ്യപ്പെട്ട പ്രകാരം കോഴിക്കോട് കലക്ട്രേറ്റിൽ നിന്ന് വന്നിട്ടുള്ള അടിയന്തിര പ്രവൃത്തികൾക്കുള്ള ശുപാർശകൾ ഏതെല്ലാം; കൊയിലാണ്ടി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾ അംഗീകരിച്ചു ഭരണാനുമതി നൽകി; വിശദമാക്കുമോ; | എഫ്) | അടിയന്തിര പ്രവൃത്തികൾക്കായി കലക്ട്രേറ്റിൽ നിന്നുള്ള ശുപാർശ പ്രകാരം സമർപ്പിച്ച പട്ടിക അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു. പട്ടികയിൽ ക്രമ നമ്പർ 13 മുതൽ 23 വരെയുള്ള പ്രവൃത്തി കൊയിലാണ്ടി മണ്ഡലത്തിലുള്ളതാണ്. |
| (ജി) | കടലാക്രമണത്തെ തുടർന്ന് അടിയന്തര നടപടികൾ എന്ന നിലയിൽ സംസ്ഥാനത്താകെ അനുവദിച്ചതും അംഗീകരിച്ചതുമായ പദ്ധതികളുടെ വിശദാംശം നിയോജക മണ്ഡലം തിരിച്ച് വിശദമാക്കുമോ ? | (ജി) | കടലാക്രമണത്തെ തുടർന്ന് അടിയന്തിര നടപടികൾ എന്ന നിലയിൽ റവന്യൂ വകുപ്പിന്റെ ഉത്തരവ് പ്രകാരം സംസ്ഥാനത്താകെ അനുവദിച്ച തുകയുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു. |

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 2 കോടി |
| കൊല്ലം | 2 കോടി |
| ആലപ്പുഴ | 5 കോടി |
| എറണാകുളം | 1 കോടി |
| തൃശ്ശൂർ | 1 കോടി |
| മലപ്പുറം | 3 കോടി |
| കോഴിക്കോട് | 1 കോടി |
| കണ്ണൂർ | 1 കോടി |
| കാസർഗോഡ് | 1 കോടി |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**